# THIRD STATE FINANCE COMMISSION

# KERALA

# REPORT

WITH

ACTION TAKEN REPORT

NOVEMBER 2005

# CONTENTS


| No. | Chapter | Page |
|---|---|---|
| 1 | Statement of Action Taken on the Recommendations—Malayalam | i |
| 2 | Statement of Action Taken on the Recommendations—English | xiii |
| 3 | Introduction | 1 |
| 4 | Collection and processing of data | 4 |
| 5 | Analysis of data | 11 |
| 6 | Forecast of receipts and expenditure of Local Self Governments for the period 2006-07 to 2010-11 | 17 |
| 7 | Our approach | 26 |
| 8 | Devolution of state taxes to Local Self Governments | 32 |
| 9 | Financial profile of Local Self Governments | 39 |
| 10 | Mobilisation of additional resources | 42 |
| 11 | Release of funds | 50 |
| 12 | Lapse of funds, removal of difficultiesOf bill system | 55 |
| 13 | Fiscal freedom to Local Self Governments and accountability | 60 |
| 14 | Structure and scope of development expenditure | 66 |
| 15 | Other issues | 95 |
| 16 | Summary of recommendations | 99 |
| 17 | Acknowledgements | 105 |
| | **Appendix I** | |
| 18 | LSGs' share of State's own tax revenue, 2006-2007 | 109 |
| 19 | LSGs' share of State's own tax revenue, 2007-2008 | 128 |
| 20 | LSGs' share of State's own tax revenue, 2008-2009 | 147 |
| 21 | LSGs' share of State's own tax revenue, 2009-2010 | 166 |
| 22 | LSGs' share of State's own tax revenue, 2010-2011 | 185 |
| | **Appendix II** | |
| | Summary Financial Profile of Local Self Governments during the period 2006-07 to 2010-11 | |
| 23 | Thiruvananthapuram | 211 |
| 24 | Kollam | 237 |
| 25 | Pathanamthitta | 260 |
| 26 | Alappuzha | 278 |
| 27 | Kottayam | 303 |

| No. | Chapter | Page |
|---|---|---|
| 28 | Idukki | 328 |
| 29 | Ernakulam | 345 |
| 30 | Thrissur | 375 |
| 31 | Kasargod | 406 |
| 32 | Palakkad | 419 |
| 33 | Malappuram | 449 |
| 34 | Kozhikkode | 483 |
| 35 | Waynad | 509 |
| 36 | Kannur | 518 |
| 37 | Block Panchayats | 545 |
| 38 | District Panchayats | 596 |
| 39 | Municipalities | 601 |
| 40 | Corporations | 619 |
| | **Appendix III** | |
| 41 | Gap Grand for Local Self Governments during the period 2006-07 to 2010-11 | 623 |
| | **Annexures** | |
| 42 | Annexure 1.1 | 627 |
| 43 | Annexure 1.2 | 628 |
| 44 | Annexure 2.1 | 629 |
| 45 | Annexure 2.2 | 630 |
| 46 | Annexure 2.3 | 631 |
| 47 | Annexure 2.4 | 632 |
| 48 | Annexure 3.1, 3.2 | 634 |
| 49 | Annexure 3.3, 3.4,4.1 | 635 |
| 50 | Annexure 5.1 | 636 |
| 51 | Annexure 5.2 | 637 |
| 52 | Annexure 11.1 | 638 |
| 53 | Annexure 11.2 | 639 |
| 54 | Annexure 13.1 | 641 |
| 55 | Abbreviations | 642 |

# മൂന്നാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശകളിന്മേൽ സർക്കാർ എടുത്തിട്ടുള്ള നടപടികൾ സംബന്ധിച്ച റിപ്പോർട്ട്

## ശുപാർശ 14.1

*2006-07 സാമ്പത്തിക വർഷം 2050 കോടി രൂപ പ്രാദേശിക സർക്കാരുകൾക്ക് അവരുടെ നികുതി വിഹിതമായി കൈമാറേണ്ടതാണ്. ഇതിൽ 300 കോടി രൂപ പ്രാദേശിക സർക്കാരുകളുടെ പരമ്പരാഗത ചുമതലകൾ നിർവഹിക്കുന്നതിനും, 350 കോടി രൂപ ആസ്തി സംരക്ഷണത്തിനും, 1400 കോടി രൂപ സംസ്ഥാന സർക്കാരിൽ നിന്നും കൈമാറ്റം ചെയ്തു കിട്ടിയ സ്ഥാപനങ്ങളുടേയും സേവനങ്ങളുടേയും വികസനത്തിനും പുരോഗതിക്കും വേണ്ടിയുള്ളതുമാണ്. തുടർന്നുള്ള നാല് വർഷങ്ങളിലും മുൻവർഷത്തെ വിഹിതത്തേക്കാൾ 10% വർദ്ധിപ്പിച്ച തുകയാണ് നൽകേണ്ടത്. ഇങ്ങനെ 2006-07 മുതൽ 2010-11 വരെയുള്ള അഞ്ചുവർഷക്കാലത്തേക്ക് 12515 കോടി രൂപ പ്രാദേശിക സർക്കാരുകൾക്ക് കൈമാറേണ്ടതാണ്.*

## നടപടി

**ശുപാർശ അംഗീകരിച്ചു. നബാർഡിൽ നിന്നും ലഭിക്കുന്ന തുക ഇതിനുപരിയായി നൽകുന്നതായിരിക്കും. കേന്ദ്രഗവൺമെന്റിന്റെ ധനമന്ത്രാലയത്തിൽ നിന്നും മറിച്ചൊരു തീരുമാനം ഉണ്ടാകുന്നതുവരെ, കഴിഞ്ഞ 5 വർഷമായി തുടരുന്ന അതേ രീതിയിൽ, പന്ത്രണ്ടാം ധനകാര്യകമ്മീഷൻ ശുപാർശകളുടെ അടിസ്ഥാനത്തിൽ കേന്ദ്രം സംസ്ഥാന സർക്കാരിനു നൽകുന്ന തദ്ദേശസ്വയംഭരണ സ്ഥാപന ഗ്രാന്റ് ഇതിലുൾപ്പെട്ടിരിക്കും. ഗുരുതരമായ സാമ്പത്തിക പ്രശ്നങ്ങൾ ഉണ്ടാവുകയാണെങ്കിൽ മൂന്നാം ധനകാര്യകമ്മീഷൻ റിപ്പോർട്ടിലെ ഖണ്ഡിക 9.14 പ്രകാരമുള്ള നടപടിക്രമങ്ങൾ പിൻതുടരുന്നതാണ്.**

## ശുപാർശ 14.2

*രണ്ടാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തതുപോലെ സംസ്ഥാനനികുതിവരുമാനത്തിന്റെ 3.5ശതമാനവും 5.5 ശതമാനവും (ആഡിറ്റുചെയ്ത കണക്കുപ്രകാരം) നൽകുന്ന അതേ അനുപാതത്തിൽ വേണം പരമ്പരാഗത ചുമതലകൾ നിർവഹിക്കുന്നതിനും ആസ്തി സംരക്ഷണത്തിനും വേണ്ടി നീക്കി വച്ചിരിക്കുന്ന തുക (ഉദാഹരണമായി, 2006-07 വർഷം യഥാക്രമം 300 കോടി രൂപയും, 350 കോടി രൂപയും) പ്രാദേശിക സർക്കാരുകൾക്ക് വീതിച്ചുനൽകേണ്ടത്. വികസനത്തിനും പുരോഗതിക്കും വേണ്ടി നീക്കി വച്ചിരിക്കുന്ന തുക, (ഉദാഹരണത്തിന്, 2006-07 വർഷത്തിൽ 1400 കോടി രൂപ) പദ്ധതി വിഹിതം നൽകുന്നതിന് അനുവർത്തിക്കുന്ന അതേ അനുപാതത്തിൽ തന്നെ വീതിച്ചു നൽകേണ്ടതാണ്. ഈ മൂന്ന് വ്യത്യസ്ത ചെലവുകൾക്കും അടുത്ത അഞ്ചു വർഷത്തേക്ക് ഓരോ പ്രാദേശിക സർക്കാരിനും നൽകേണ്ട തുക അപ്പൻഡിക്സ് -I-ൽ നല്കിയിട്ടുണ്ട്. (ഇതിനോടനുബന്ധമായി വച്ചിട്ടില്ല).*

## നടപടി

**പരമ്പരാഗത ചുമതലകൾ നിർവ്വഹിക്കുന്നതിനുള്ള ഫണ്ടിൻെറയും (ഉദാഹരണമായി, 2006-07 ൽ 300 കോടി രൂപ), വികസന ആവശ്യങ്ങൾക്കുള്ള ഫണ്ടിൻെറയും (ഉദാഹരണമായി, 2006-07 ൽ 1400 കോടി രൂപ) കാര്യത്തിൽ ഈ ശുപാർശ അംഗീകരിക്കുന്നു. എന്നാൽ, 2006-07 ൽ, വികസന**

ആവശ്യങ്ങൾക്ക് നൽകുന്ന ഫണ്ട് (അതായത് 1400 കോടി രൂപ) ഓരോ പ്രാദേശിക സർക്കാരുകൾക്കും വീതിക്കുന്നത് സംസ്ഥാന ആസൂത്രണ ബോർഡ് നിർദ്ദേശിച്ച പ്രകാരം ആയിരിക്കും. സംരക്ഷണ ഗ്രാൻറിൻെറ (ഉദാഹരണമായി, 2006-07 ൽ 350 കോടി രൂപ) കാര്യത്തിൽ 2006-07 ന്റെ ആദ്യത്തെ നാല് മാസത്തേക്ക് മാത്രമായാണ് ഈ ശുപാർശ അംഗീകരിക്കുന്നത്. തുടർന്നുള്ള നാല് വർഷത്തേക്കും എട്ട് മാസത്തേക്കും, കൈമാറ്റം ചെയ്യപ്പെട്ട ആസ്തികളുടെ മൂല്യത്തിൻേറയും അതിൻെറ സംരക്ഷണ ആവശ്യകതയുടേയും അടിസ്ഥാനത്തിൽ സർക്കാർ തയ്യാറാക്കുന്ന ഒരു സൂത്രവാക്യ (ഫോർമുല) പ്രകാരം ആയിരിക്കും മൂന്നാം സംസ്ഥാന ധനകാര്യകമ്മീഷൻ ഈ ആവശ്യത്തിനായി ശുപാർശ ചെയ്തിരിക്കുന്ന മൊത്തം തുക വിവിധ പ്രാദേശിക സർക്കാരുകൾക്ക് നൽകുന്നതു്. ഈ പുതിയ ഫോർമുല പ്രകാരം ഓരോ പ്രാദേശിക സർക്കാരിനും ലഭിക്കേണ്ട യഥാർത്ഥ തുക 2006 ജൂലൈ മാസത്തോടെ പ്രഖ്യാപിക്കുന്നതാണ്. പുതുതായി രൂപീകരിച്ചിട്ടുള്ള പ്രാദേശിക സർക്കാരുകൾക്ക് ഈ ഇനത്തിൽ ലഭിക്കേണ്ടതുക, "മാതൃ" പ്രാദേശിക സർക്കാരുകളുടെ വിഹിതത്തിൽ നിന്നും കുറവുചെയ്ത് കണക്കാക്കുന്നതാണ്.

## ശുപാർശ 14.3

*മൊത്തംതുകയും അതത് വർഷത്തെ സംസ്ഥാനബജറ്റിലെ ' 3604 – നഷ്ടപരിഹാരവും അവകാശക്കൈമാറ്റങ്ങളും' എന്ന കണക്കിനത്തിൽ വകകൊള്ളിക്കേണ്ടതാണ്.*

## നടപടി

ശുപാർശ അംഗീകരിക്കുന്നു. എന്നാൽ പന്ത്രണ്ടാം ധനകാര്യകമ്മീഷനും കേന്ദ്രസർക്കാരും റോഡു സംരക്ഷണത്തിനായി സംസ്ഥാന സർക്കാരിനു നൽകുന്ന ഗ്രാന്റിൽ ഒരു മിനിമം തുകയും അതിൽ നിന്നും ഒരു നിശ്ചിത ചെലവും പൊതുമരാമത്ത് വകുപ്പിന്റെ സംരക്ഷണാവശ്യങ്ങൾക്കുള്ള ശീർഷകത്തിൽ ഉൾക്കൊള്ളിച്ചിരിക്കണമെന്ന് നിഷ്കർഷിച്ചിരിക്കുന്നതിനാൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന റോഡ് സംരക്ഷണത്തിനുള്ള തുക പൊതുമരാമത്ത് വകുപ്പിന്റെ ഉചിതമായ ശീർഷകത്തിൽ ഉൾക്കൊള്ളിച്ച് നൽകുന്നതാണ്. മൂന്നാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത അതേ രീതിയിൽ ആയിരിക്കും ഈ തുക നൽകുന്നത്. ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുകയുടെ നിയന്ത്രണാധികാരി തദ്ദേശസ്വയംഭരണ വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ ആയിരിക്കും.

## ശുപാർശ 14.4

*പ്രാദേശിക സർക്കാരുകൾക്ക് മൂന്നുതരത്തിലുള്ള അധിക വിഭവസമാഹരണം നടത്താവുന്നതാണ്;*

*(i) നികുതി-നികുതിയേതര വരുമാനം വർദ്ധിപ്പിക്കൽ*

*(ii) പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന വിഹിതം*

*(iii) വായ്പ എടുക്കൽ*

*നികുതി- നികുതിയേതര വരുമാനങ്ങളുടെ നടത്തിപ്പ് മൊത്തത്തിൽ പരിഷ്കരിച്ചുകൊണ്ട് അധിക വിഭവസമാഹരണം നടത്തേണ്ടതാണ്.*

## നടപടി

**ശുപാർശ അംഗീകരിച്ചു. എന്നാൽ, കമ്മീഷൻ റിപ്പോർട്ടിലെ ഖണ്ഡിക 12.13 ൽ ശുപാർശ ചെയ്തിരിക്കുന്നതുപോലെ, ഗ്രാമപഞ്ചായത്തുകളുടെ വായ്പയെടുക്കുന്നതിനുള്ള പരിധി അവയുടെ അതാതുവർഷത്തെ പ്രതീക്ഷിത തനതു വരുമാനത്തിൻെറ 5% ഉം, ബ്ളോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും വായ്പയെടുക്കുന്നതിനുള്ള പരിധി, അവയുടെ വികസനാവശ്യങ്ങൾക്കുള്ള ഫണ്ടിൻെറ 5%ഉം ആയിരിക്കും. തീർത്തും വാണിജ്യാവശ്യങ്ങൾക്കായുള്ള പദ്ധതികൾക്ക് അവയിൽ നിന്നുള്ള വരുമാനം മാത്രമുപയോഗിച്ച് തിരിച്ചടവു് സാധ്യമാവുന്ന പക്ഷം, ഈ 5% പരിധി ബാധകമായിരിക്കുകയില്ല. കൂടാതെ, 1963 ലെ കേരള ലോക്കൽ അതോറിറ്റീസ് ലോൺസ് ആക്ടിലെ നിബന്ധനകൾ അനുസരിച്ചായിരിക്കണം വായ്പ എടുക്കേണ്ടത്.**

## ശുപാർശ 14.5

*റവന്യൂ വരുമാനത്തിൽ വർദ്ധനവ് വേണം എന്ന കാര്യം മാത്രം പരിഗണിച്ചല്ല, മറിച്ച് എല്ലാ വശങ്ങളും നോക്കി വേണം, നികുതി-നികുതിയേതര നിരക്കുകൾ വർദ്ധിപ്പിക്കേണ്ടത്. പൊതുജനവിഹിതം രൊക്കം പണമായി വേണം സ്വരൂപിക്കേണ്ടതു്. വായ്പ എടുക്കുന്നത് ഒരു നിശ്ചിത പരിധിയിൽ നിജപ്പെടുത്തേണ്ടതും വായ്പ തുക തിരിച്ചടയ്ക്കുന്നതിന് വ്യക്തമായ സമയക്രമം ഉണ്ടാകേണ്ടതുമാണ്.*

## നടപടി

**ശുപാർശ അംഗീകരിച്ചു. കേന്ദ്ര നികുതി ഭാരം കൂടി കണക്കിലെടുത്ത്, സംസ്ഥാനതലത്തിലും പ്രാദേശിക സർക്കാർ തലത്തിലുമുള്ള നികുതി ഘടന അവലോകനം ചെയ്യുന്നതിനായി, കമ്മീഷൻ റിപ്പോർട്ടിലെ ഖണ്ഡിക 8.14 -ൽ ശുപാർശ ചെയ്തിരിക്കുന്നതുപോലെ ഒരു കമ്മീഷൻ രൂപീകരിക്കുന്നതാണ്.**

## ശുപാർശ 14.6

*ഈ വ്യവസ്ഥിതിയുടെ മൊത്തത്തിലുള്ള പരിഷ്കരണത്തിന് ഖണ്ഡിക 8.21-ൽ കൊടുത്തിരിക്കുന്ന വ്യക്തമായ നടപടിക്രമങ്ങൾ നടപ്പിലാക്കേണ്ടതാണ്.*

## നടപടി

**ശുപാർശ അംഗീകരിച്ചു.**

## ശുപാർശ 14.7

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അവരുടെ ചെലവുകൾ വരുമാനത്തിനനുസൃതമായി ആസൂത്രണം ചെയ്യാൻ കഴിയത്തക്ക രീതിയിൽ പ്രാദേശിക സർക്കാരുകൾക്ക് മുൻകൂട്ടി അറിയാവുന്ന ഒരു സമയവിവര പട്ടിക അനുസരിച്ചായിരിക്കണം അധ്യായം 6-ൽ ശുപാർശ ചെയ്തിട്ടുള്ള നികുതി വരുമാനത്തിന്റെ വിഹിതം നൽകേണ്ടത്. പരമ്പരാഗത ചുമതലകൾ നിർവഹിക്കുന്നതിനായി ഉദ്ദേശിച്ചുള്ള തുക (ഉദാഹരണമായി, 2006-07 വർഷം 300 കോടി രൂപ) ഏപ്രിൽ മുതൽ മാർച്ച് വരെയുള്ള മാസങ്ങളിൽ പന്ത്രണ്ട് തുല്യ മാസ ഗഡുക്കളായി അനുവദിക്കേണ്ടതാണ്. ആസ്തി സംരക്ഷണത്തിനുള്ള തുക (ഉദാഹരണമായി, 2006-07 വർഷം 350 കോടി രൂപ) ഏപ്രിൽ മുതൽ ജനുവരി വരെയുള്ള മാസങ്ങളിൽ പത്തു തുല്യ മാസ ഗഡുക്കളായി കൊടുക്കേണ്ടതാണ്. വികസനാവശ്യങ്ങൾക്കുള്ള തുക (2006-07-ൽ 1400 കോടി രൂപ) മേയ് മുതൽ ഫെബ്രുവരി വരെയുള്ള പത്ത് മാസങ്ങളിൽ തുല്യ ഗഡുക്കളായി അനുവദിക്കേണ്ടതാണ്. (2006-07 വർഷത്തിൽ പണം നൽകുന്നത് സംബന്ധിച്ച ഒരു വിശദീകരണപട്ടിക ഖണ്ഡിക 9.10 ൽ നൽകിയിരിക്കുന്നു).

## നടപടി

**ശുപാർശ അംഗീകരിച്ചു.**

## ശുപാർശ 14.8

*ഫണ്ടിന്റെ സുഗമമായ കൈമാറ്റത്തിൽ ഉണ്ടായേക്കാവുന്ന പ്രശ്നങ്ങൾ, 9.13, 9.14 എന്നീ ഖണ്ഡികകളിൽ വിവക്ഷിച്ചിരിക്കുന്നതുപോലെ സഹകരണത്തിന്റെയും പരസ്പര ധാരണയുടേയും അടിസ്ഥാനത്തിൽ കൂട്ടായ ആശയവിനിമയത്തിലൂടെ പരിഹരിക്കേണ്ടതാണ്.*

## നടപടി

**ശുപാർശ അംഗീകരിച്ചു.**

## ശുപാർശ 14.9

*അദ്ധ്യായം 9-ൽ പ്രതിപാദിക്കുന്ന പട്ടിക പ്രകാരം നൽകുന്ന ഫണ്ട് ഓരോമാസവും 5-ാം തീയതിക്കു മുൻപ് 3604 എന്ന ശീർഷകത്തിൽ നിന്നും പൊതുകണക്കിലേക്ക് (മേജർ കണക്കിനം 8448) മാറ്റി നൽകേണ്ടതാണ്. 8448 ൽ മൂന്ന് ഡെപ്പോസിറ്റ് അക്കൗണ്ടുകൾ ഉണ്ടാകും. പരമ്പരാഗത ചുമതലകൾ നിർവ്വഹിക്കുന്നതിനുള്ള ഫണ്ടുകൾക്ക് (ഉദാഹരണമായി, 2006-07 ൽ 300 കോടി രൂപ) ഉള്ളതായിരിക്കും അക്കൗണ്ട് - I. ആസ്തി സംരക്ഷണത്തിനുള്ള ഫണ്ടുകൾക്ക് (ഉദാഹരണമായി, 2006-07 ൽ 350 കോടി രൂപ) വേണ്ടി ഉള്ളതായിരിക്കും അക്കൗണ്ട് - II. വികസന ചെലവുകൾക്ക് (ഉദാഹരണത്തിന്, 2006-07 ൽ 1400 കോടി രൂപ) ഉള്ളതായിരിക്കും അക്കൗണ്ട് - III. ഫണ്ട് അനുവദിച്ച് നൽകുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥരുടെ വിവരം 10.11-ാം ഖണ്ഡികയിൽ പ്രതിപാദിച്ചിട്ടുണ്ട്.*

## നടപടി

**ശുപാർശ അംഗീകരിച്ചു.**

## ശുപാർശ 14.10

*ആസ്തി സംരക്ഷണത്തിനും വികസന ആവശ്യങ്ങൾക്കുമുള്ള തുക, യഥാർത്ഥ ആവശ്യത്തിൻെറയും ഉടൻ ചെലവിടാൻ ബാദ്ധ്യസ്ഥമായ തുകയുടെയും മാത്രം അടിസ്ഥാനത്തിൽ ബന്ധപ്പെട്ട രേഖകളോടൊപ്പം സമർപ്പിക്കുന്ന ബിൽ മുഖാന്തിരം 8448 എന്ന കണക്കിനത്തിൽ ട്രഷറിയിൽ നിന്നും പ്രാദേശിക സർക്കാരുകൾക്ക് പിൻവലിക്കാവുന്നതാണ്. പരമ്പരാഗത ചുമതലകൾ നിർവഹിക്കുന്നതിനുള്ള ഫണ്ട് (ഉദാഹരണത്തിന്, 2006-07-ൽ 300 കോടി രൂപ) നിലവിലുള്ള നടപടി ക്രമത്തിലെന്നപോലെ ചെക്കുമുഖാന്തിരം പിൻവലിക്കാവുന്നതാണ്. കണക്കിടപാടുകളെ സംബന്ധിച്ച നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ അക്കൗണ്ടന്റ് ജനറലുമായി ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതാണ്.*

## നടപടി

**ശുപാർശ അംഗീകരിച്ചു. അക്കൗണ്ടന്റ് ജനറലും ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് അക്കൗണ്ടിങ്ങ് നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതാണ്.**

## ശുപാർശ 14.11

*ആസ്തി പരിപാലനത്തിനും വികസനാവശ്യങ്ങൾക്കുമായി നൽകിയ തുകയെ സംബന്ധിച്ചിടത്തോളം മാർച്ച് മാസം 31-ാം തീയതി ഓരോ പ്രാദേശിക സർക്കാരുകളുടേയും പേരിൽ പൊതുകണക്കിലുള്ള ബാക്കി തുക ആ സാമ്പത്തിക വർഷം ആകെ വിതരണം ചെയ്ത (ആ പ്രാദേശിക സർക്കാരിന്റെ പേരിൽ പൊതു കണക്കിൽ നിക്ഷേപിച്ച) തുകയുടെ പത്ത് ശതമാനത്തിൽ കൂടുതലാണെങ്കിൽ, ഖണ്ഡിക 10.15-ൽ വിവരിച്ചിരിക്കുന്നതുപോലെ*

*പത്ത് ശതമാനത്തിലധികരിക്കുന്ന തുക ആ പ്രാദേശിക സർക്കാരിന്റെ അടുത്ത വർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്നും കുറവ് ചെയ്യേണ്ടതാണ്.*

## നടപടി

**ശുപാർശ അംഗീകരിച്ചു.**

## ശുപാർശ 14.12

*പ്രാദേശിക സർക്കാരിന് കൈമാറ്റം ചെയ്തതും മാസപരിധിക്കുള്ളിൽ നൽകിയതുമായ തുക, പൊതു കണക്കിൽ നിന്നും പിൻവലിക്കുന്നതിന് സമർപ്പിക്കുന്ന ബില്ലുകൾക്ക് യാതൊരുവിധ ട്രഷറി നിയന്ത്രണങ്ങളും പാടില്ലാത്തതും, ധനകാര്യ വകുപ്പിന്റെ വേയ്സ് ആന്റ് മീൻസ് ക്ളിയറൻസ് ആവശ്യമില്ലാത്തതുമാകണം. എന്നാൽ മുൻ മാസം അനുവദിച്ചതും മാസാവസാനം ഉപയോഗിക്കാതെ ബാക്കിനിൽക്കുന്നതുമായ പണം ചെലവഴിക്കുന്നതിന് ധനകാര്യ വകുപ്പിന്റെ പ്രത്യേകാനുമതി ആവശ്യമായിരിക്കും.*

## നടപടി

**സംസ്ഥാനം ഓവർഡ്രാഫ്റ്റിലായിരിക്കുമ്പോഴോ, ഓവർ ഡ്രാഫ്റ്റ് ആകാൻ സാധ്യതയുള്ളപ്പോഴോ മാത്രമേ ട്രഷറി നിയന്ത്രണങ്ങൾ ഏർപ്പെടുത്താറുള്ളൂ. എന്നാൽ ചിലപ്പോൾ ട്രഷറിയിൽ നിന്നും ശമ്പളം പോലും നല്കാൻ കഴിയാത്ത ഗുരുതരമായ സാഹചര്യവും ഉണ്ടാവാം. (കഴിഞ്ഞ അഞ്ച് വർഷത്തിൽ കൂടുതലായി ഇങ്ങിനെ ഒരു സാഹചര്യം ഉണ്ടായിട്ടില്ലെങ്കിൽപ്പോലും). ഇപ്രകാരമുള്ള ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി ഇല്ലാത്ത അവസ്ഥകളിൽ, പൊതുകണക്കിൽ നിന്നും തുക പിൻവലിക്കുന്നതിനായി സമർപ്പിക്കുന്ന ബില്ലുകൾക്ക് യാതൊരുവിധ ട്രഷറി നിയന്ത്രണങ്ങളും പാടില്ല എന്ന ശുപാർശ സർക്കാർ അംഗീകരിക്കുന്നു. ഓരോ മാസത്തിലും കുറഞ്ഞത് പത്ത് പ്രവൃത്തി ദിനങ്ങളിലെങ്കിലും പ്രാദേശിക സർക്കാരുകൾക്ക് ബില്ലുകൾ സമർപ്പിക്കാനും ട്രഷറി നിയന്ത്രണം കൂടാതെ തുക കിട്ടുന്നതിനും ഉള്ള നടപടിക്രമങ്ങൾ സർക്കാർ ഉറപ്പാക്കും. ഈ പത്തു ദിവസകാലയളവിൽ ബില്ലുകൾക്ക് വെയ്സ് ആന്റ് മീൻസ് ക്ളിയറൻസു് ആവശ്യമുണ്ടായിരിക്കുകയില്ല. മുൻ മാസം അനുവദിച്ചതും മാസാവസാനം ഉപയോഗിക്കാതെ ബാക്കിനിൽക്കുന്നതുമായ പണം ചെലവഴിക്കുന്നതിന് ധനകാര്യ വകുപ്പിന്റെ പ്രത്യേകാനുമതി ആവശ്യമാണെന്ന ശുപാർശയും സർക്കാർ അംഗീകരിക്കുന്നു.**

## ശുപാർശ 14.13

സമ്പൂർണ്ണ സാമ്പത്തിക സ്വാതന്ത്ര്യം ലഭ്യമാക്കുന്ന ഒരു സമ്പ്രദായം നടപ്പിലാക്കുന്നതുവരെയുള്ള ഒരു താൽക്കാലിക ക്രമീകരണം മാത്രമാണ് അധ്യായം 10 – ൽ പ്രതിപാദിച്ചിരിക്കുന്ന നടപടിക്രമം. ആ സമ്പ്രദായത്തിൽ, 3604 ശീർഷകത്തിൽ നിന്നും സർക്കാർ അനുവദിക്കുന്ന തുക സർക്കാർ നിയന്ത്രണത്തിലുള്ള ബാങ്കുകളിൽ സൂക്ഷിക്കാൻ പ്രാദേശിക സർക്കാരുകളെ അനുവദിക്കാവുന്നതാണ്. പ്രാദേശിക സർക്കാരുകൾ ചെക്കു മുഖാന്തിരമേ ബാങ്കിൽ നിന്നും പണം പിൻവലിക്കാവൂ. സാമ്പത്തിക പരിശോധനയ്ക്ക്ശേഷമേ അത്തരത്തിൽ പണം പിൻവലിക്കാവൂ.

## നടപടി

**ശുപാർശ അംഗീകരിച്ചു. സമ്പൂർണ സാമ്പത്തിക സ്വാതന്ത്ര്യം കൈവരിച്ചതിനുശേഷം മാത്രം ഈ ശുപാർശ നടപ്പിലാക്കുന്നതാണ്. (അതായത്, കമ്മീഷൻ റിപ്പോർട്ടിലെ 14.21 ഖണ്ഡികയിൽ ശുപാർശ ചെയ്തിരിക്കുന്നതു പോലെ, 2008-09 ൽ)**

## ശുപാർശ 14.14

*ഓരോ പ്രാദേശിക സർക്കാരിനും നാല് ബാങ്ക് അക്കൗണ്ടുകൾ വീതം ഉണ്ടാകേണ്ടതാണ്. (i) പരമ്പരാഗത ചുമതല നിർവ്വഹിക്കുന്നതിനുള്ള ഫണ്ടുകൾക്ക്; (ii) ആസ്തി സംരക്ഷണത്തിനുള്ള ഫണ്ടുകൾക്ക്; (iii) കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളുടെയും സേവനങ്ങളുടെയും (ഇപ്പോൾ വികേന്ദ്രീകൃതാസൂത്രണം എന്നാണറിയപ്പെടുന്നത്)*

*വികസനാവശ്യങ്ങൾക്കുള്ള തുകയ്ക്ക്; (iv) സംസ്ഥാനാവിഷ്കൃത പദ്ധതികൾ, കേന്ദ്രാവിഷ്കൃത പദ്ധതികൾ, ക്ഷേമപെൻഷനുകൾ തുടങ്ങിയ എജൻസിപ്രവർത്തനങ്ങൾക്കുള്ള തുകയ്ക്ക്.*

## നടപടി

**ശുപാർശ അംഗീകരിച്ചു. സമ്പൂർണ സാമ്പത്തിക സ്വാതന്ത്ര്യം കൈവരിച്ചതിനുശേഷം മാത്രം ഈ ശുപാർശ നടപ്പിലാക്കുന്നതാണ്. (അതായത്, കമ്മീഷൻ റിപ്പോർട്ടിലെ 14.21 ഖണ്ഡികയിൽ ശുപാർശ ചെയ്തിരിക്കുന്നതു പോലെ, 2008-09 ൽ)**

## ശുപാർശ 14.15

*തനതു നികുതി-നികുതിയേതര വരുമാനവും പരമ്പരാഗത ചുമതലകൾ നിർവ്വഹിക്കുന്നതിനുള്ള നികുതി വിഹിതവുമായിരിക്കും (ഉദാഹരണത്തിന് 2006-07 ൽ 300 കോടി രൂപ) ഒന്നാമത്തെ അക്കൗണ്ടിലെ വരവ്. രണ്ടാമത്തെ അക്കൗണ്ടിലെ വരവിനമെന്നത് ആസ്തി സംരക്ഷണത്തിന് സംസ്ഥാന സർക്കാരിൽ നിന്നും ലഭിക്കുന്ന നികുതി വിഹിതമായിരിക്കും (ഉദാഹരണത്തിന് 2006-07 ൽ 350 കോടി രൂപ). വികസനാ വശ്യത്തിനുള്ള നികുതി വിഹിതം (ഉദാഹരണത്തിന് 2006-07 ൽ 1400 കോടി രൂപ) ആയിരിക്കും മൂന്നാമത്തെ അക്കൗണ്ടിലെ വരവിനം. കേന്ദ്ര-സംസ്ഥാന എജൻസികളിൽ നിന്നും ലഭിക്കുന്ന തുക നാലാമത്തെ അക്കൗണ്ടിൽ കാണിക്കണം. വായ്പയെടുക്കുന്ന തുക, അവയുടെ തിരിച്ചടവ്, പൊതുജനങ്ങളുടെ വിഹിതം എന്നിവയുടെ നിർഗമനവും ബഹിർഗമനവും പ്രത്യേകം കാണിക്കണം. അക്കൗണ്ടന്റ് ജനറലും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുമായി കൂടിയാലോചിച്ച് വേണം ഈ അക്കൗണ്ടുകളുടെ വിശദാംശങ്ങൾ തയ്യാറാക്കേണ്ടത്.*

## നടപടി

**ശുപാർശ അംഗീകരിച്ചു. സമ്പൂർണ സാമ്പത്തിക സ്വാതന്ത്ര്യം കൈവരിച്ചതിനുശേഷം മാത്രം ഈ ശുപാർശ നടപ്പിലാക്കുന്നതാണ്. (അതായത്, കമ്മീഷൻ റിപ്പോർട്ടിലെ 14.21 ഖണ്ഡികയിൽ ശുപാർശ ചെയ്തിരിക്കുന്നതു പോലെ, 2008-09 ൽ)**

## ശുപാർശ 14.16

*ഗ്രാമപഞ്ചായത്തുകളിൽ പോലും ഒരു ധന-അക്കൗണ്ട്സ് വിഭാഗം അത്യന്താപേക്ഷിതമാണ്. ഈ ജോലി കൈകാര്യം ചെയ്യാൻ പര്യാപ്തനായ കുറഞ്ഞതു് ഒരാളിനെയെങ്കിലും പ്രദേശിക സർക്കാരുകൾക്ക് ലഭ്യമാക്കേണ്ടതാണ്. ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലായിരിക്കണം ഈ തസ്തികയിലേയ്ക്ക് പരമാവധി നിയമനം നടത്തേണ്ടത്. ഒഴിവാക്കാൻ പറ്റാത്തസാഹചര്യത്തിൽ കുറഞ്ഞ എണ്ണം സ്റ്റാഫിനെ പബ്ളിക് സർവ്വീസ് കമ്മിഷൻ വഴി നിയമിക്കാവുന്നതാണ്. ഈ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി പെർഫോർമൻസ് ആഡിറ്റിലെ സ്റ്റാഫിനെയും ഉപയോഗിക്കാവുന്നതാണ്. ഇങ്ങനെ നിയമിക്കപ്പെട്ടവരായിരിക്കും പ്രദേശികസർക്കാരുകളുടെ ധനകാര്യ വിഭാഗത്തിൻെറ കേന്ദ്രബിന്ദു.*

## നടപടി

**ശുപാർശ തത്വത്തിൽ അംഗീകരിക്കുന്നു. പുതിയതായി തസ്തികകൾ സൃഷ്ടിക്കുന്നത് വിശദമായ പരിശോധന കൂടാതെ അംഗീകരിക്കാൻ കഴിയാത്തതിനാൽ, കംപ്യൂട്ടർ അധിഷ്ഠിത അക്കൗണ്ടിങ്ങ് സമ്പ്രദായം വികസിപ്പിച്ചെടുക്കുന്നതിനും ഇത് കൈകാര്യം ചെയ്യുന്നതിന് പ്രാദേശിക സർക്കാരുകളിലെ ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകുന്നതിനും ഊന്നൽ നൽകുന്നതാണ്. ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് വിശദാംശങ്ങൾ**

**തയ്യാറാക്കുന്നതാണ്. തീർത്തും ആവശ്യമായി വരികയാണെങ്കിൽ മാത്രം തസ്തികകൾ സൃഷ്ടിക്കുന്നതാണ്.**

## ശുപാർശ 14.17

*ഓരോ പ്രദേശിക സർക്കാരിന്റെയും സാമ്പത്തിക ഇടപാടുകളുടെ വ്യാപ്തിയുടെ അടിസ്ഥാനത്തിൽ നിശ്ചയിച്ച ഒരു പരിധിക്ക് മുകളിലുള്ള പ്രധാനപ്പെട്ട ചെലവ് നിർദ്ദേശങ്ങൾ, മുൻപ് സൂചിപ്പിച്ച യൂണിറ്റ് കണ്ടതിനുശേഷം മാത്രമേ സെക്രട്ടറിയുടെ പരിഗണനയ്ക്ക് വരാവൂ. സെക്രട്ടറിയുടെ പരിശോധനയ്ക്ക്ശേഷം ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സനും ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സനും ഇത് കാണേണ്ടതും അതിനുശേഷം മാത്രം ചെയർമാന്റെയോ കൗൺസിലിന്റെയോ അംഗീകാരത്തിന് വരേണ്ടതുമാണ്. നിർദ്ദേശം ഇപ്രകാരം അംഗീകരിച്ചുവന്നതിനുശേഷം മാത്രം ഫണ്ട് പിൻവലിക്കുന്നതിനുള്ള ചെക്ക് തയ്യാറാക്കേണ്ടതാണ്. അത്തരം ചെക്കുകൾ സെക്രട്ടറിയും ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സനും ഒപ്പിട്ടിരിക്കണം.*

## നടപടി

**ശുപാർശ അംഗീകരിച്ചു. സമ്പൂർണ്ണ സാമ്പത്തിക സ്വാതന്ത്ര്യം കൈവരിച്ചതിനുശേഷം മാത്രം ഈ ശുപാർശ നടപ്പിലാക്കുന്നതാണ്. (അതായത്, കമ്മീഷൻ റിപ്പോർട്ടിലെ 14.21 ഖണ്ഡികയിൽ ശുപാർശ ചെയ്തിരിക്കുന്നതു പോലെ, 2008-09 ൽ)**

## ശുപാർശ 14.18

*തീരുമാനം എടുക്കേണ്ട ഒരുനിർദ്ദേശത്തിന്റെ ഗുണദോഷവശങ്ങൾ ചൂണ്ടിക്കാണിക്കേണ്ടതു് ധനകാര്യ വിഭാഗത്തിന്റെയും സെക്രട്ടറിയുടെയും ചുമതലയായിരിക്കും. ഉന്നതാധികാരികൾ (സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺ, ഡെപ്യൂട്ടി ചെയർപേഴ്സൺ, ചെയർപേഴ്സൺ) ഈനിർദ്ദേശം തള്ളിക്കളഞ്ഞുകൊണ്ട് മറ്റൊരു തീരുമാനം എടുക്കുകയാണെങ്കിൽ അതിന്റെ ഉത്തരവാദിത്വം അവർ ഏറ്റെടുക്കേണ്ടതാണ്.*

## നടപടി

**ശുപാർശ അംഗീകരിച്ചു. സമ്പൂർണ്ണ സാമ്പത്തിക സ്വാതന്ത്ര്യം കൈവരിച്ചതിനുശേഷം മാത്രം ഈ ശുപാർശ നടപ്പിലാക്കുന്നതാണ്. (അതായത്, കമ്മീഷൻ റിപ്പോർട്ടിലെ 14.21 ഖണ്ഡികയിൽ ശുപാർശ ചെയ്തിരിക്കുന്നതു പോലെ, 2008-09 ൽ)**

## ശുപാർശ 14.19

*ഫണ്ടുകളുടെ വിനിയോഗത്തിലുണ്ടാകുന്ന കാലതാമസം നിരുത്സാഹപ്പെടുത്താൻ വ്യക്തമായ വ്യവസ്ഥയുണ്ടാകണം. ഈ വ്യവസ്ഥ 11.15-ാം ഖണ്ഡികയിൽ വ്യക്തമാക്കിയിരിക്കുന്ന തരത്തിലുള്ളതാകണം.*

## നടപടി

**ശുപാർശ അംഗീകരിച്ചു.**

## ശുപാർശ 14.20

*ഖണ്ഡിക 11.16-ൽ വിവരിക്കുന്നതുപോലെ ഒരു കർത്തവ്യ നിർവ്വഹണ നിരീക്ഷണ സമ്പ്രദായം ഉണ്ടാകണം.*

## നടപടി

**ശുപാർശ അംഗീകരിച്ചു.**

## ശുപാർശ 14.21

*ആവശ്യമായ സ്റ്റാഫിൻെറ പുനർവിന്യാസം, കണക്കുകൾ സൂക്ഷിക്കുന്നതിൻെറ വിശദാംശങ്ങൾ രൂപപ്പെടുത്തൽ, നിരീക്ഷണ ഏജൻസികളുടെ രൂപീകരണം എന്നീ കാര്യങ്ങൾ നടത്തിയതിനു ശേഷം മാത്രമേ സാമ്പത്തിക സ്വാതന്ത്ര്യം എന്ന പുതിയ സമ്പ്രദായം നടപ്പിലാക്കാവൂ. പുതിയ സമ്പ്രദായം 2008-09 മുതൽ പ്രാബല്യത്തിൽ വരണം.*

## നടപടി

**ശുപാർശ അംഗീകരിച്ചു.**

## ശുപാർശ 14.22

*വികസന പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം ചെയ്യുന്നതിന് സംസ്ഥാനസർക്കാരും പ്രാദേശിക സർക്കാരുകളും പങ്കാളികളാകുന്ന ഒരു സാമ്പത്തികഘടന ഉണ്ടാകേണ്ടതാണ്. അനുബന്ധം - II-ൽ ഓരോ പ്രാദേശിക സർക്കാരിൻേറയും സാമ്പത്തികരൂപരേഖയിൽ പറഞ്ഞിരിക്കുന്ന വികസനാവശ്യങ്ങൾക്ക് ലഭ്യമായ ഫണ്ട്, റവന്യൂ വരുമാനം, വായ്പ, പൊതുജനവിഹിതം എന്നിവ വഴി അധിക വിഭവസമാഹരണം നടത്തി വർദ്ധിപ്പിക്കാവുന്നതാണ്. സംസ്ഥാനത്തിൻെറ പദ്ധതി സാമ്പത്തിക പട്ടിക (Plan Financing Table) യിൽ പ്രാദേശിക സർക്കാരുകളുടെ വിഹിതമായി ഈ ഫണ്ട് കണക്കാക്കാവുന്നതാണ്. പ്രാദേശിക സർക്കാരുകൾക്ക് സംസ്ഥാന നികുതി വിഹിതമായി നൽകുന്നതുക സംസ്ഥാനത്തിൻെറ പദ്ധതി സാമ്പത്തിക പട്ടിക (Plan Financing Table) യിൽ 'റവന്യൂവിൽ നിന്നുള്ള ബാക്കി' (Balance from Revenues) എന്ന ഇനത്തിൽ പ്രതിഫലിക്കേണ്ടതാണ്. പദ്ധതി അടങ്കലിൽ പ്രാദേശിക സർക്കാരുകളിൽ നിന്നുള്ള ഈ വിഹിതമായിരിക്കണം വികേന്ദ്രീകൃതാസൂത്രണത്തിൻെറ അടങ്കൽ ആയി കണക്കാക്കേണ്ടത്.*

## നടപടി

**ശുപാർശ അംഗീകരിച്ചു.**

## ശുപാർശ 14.23

*പ്രാദേശിക സർക്കാരുകൾക്ക് സംസ്ഥാനപദ്ധതി അടങ്കലിൻെറ ഉയർന്ന ഒരു വിഹിതം നൽകണമെന്ന് സർക്കാരിന് താല്പര്യമുണ്ടെങ്കിൽ (സർക്കാർ നയത്തെ ആശ്രയിച്ച്), പ്രാദേശിക സർക്കാരുകൾക്ക് ലഭ്യമായ ഫണ്ടും നിശ്ചയിക്കുന്ന അടങ്കൽ വിഹിതവും തമ്മിലുള്ള വ്യത്യാസം പ്രാദേശിക സർക്കാരുകൾക്ക് സർക്കാർ ഗ്രാന്റായി നല്കണം. പ്രാദേശിക സർക്കാരുകൾക്ക് ലഭ്യമായ ഫണ്ടിൻെറ അവസ്ഥ 12-ാം അദ്ധ്യായത്തിൽ നൽകിയിട്ടുള്ള വിശദമായ പട്ടികകളിൽ വ്യക്തമാക്കിയിട്ടുണ്ട്.*

## നടപടി

**ശുപാർശ അംഗീകരിച്ചു. സംസ്ഥാന സർക്കാർ പ്രാദേശിക സർക്കാരുകൾക്ക് നല്കുന്ന പദ്ധതി വിഹിതം എത്രകണ്ട് വർദ്ധിപ്പിക്കണമെന്ന കാര്യം അതാത് വർഷം വാർഷിക പദ്ധതിക്ക് അന്തിമ രൂപം നൽകുമ്പോൾ തീരുമാനിക്കുന്നതാണ്.**

## ശുപാർശ 14.24

*പ്രാദേശിക സർക്കാരുകൾക്ക് ലഭ്യമായ ഫണ്ട്, നികുതി വിഹിതമായി സർക്കാർ നൽകുന്ന ഫണ്ടിനേക്കാൾ കുറവായ ചുരുക്കം ചില പ്രാദേശിക സർക്കാരുകളുടെ കാര്യത്തിൽ അനുബന്ധം - III- ൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ വിടവ് നികത്തൽ ഗ്രാന്റ് (Gap Grant) നൽകേണ്ടതാണ്.*

## **നടപടി**

**വിശദമായ ഓഡിറ്റിനുശേഷം ഈ സ്ഥാപനങ്ങളുടെ റവന്യൂ വരുമാനത്തിൽ വ്യത്യാസം കാണുകയാണെങ്കിൽ വിടവുനികത്തൽ ഗ്രാന്റ് കുറയ്ക്കുന്നതുൾപ്പെടെയുള്ള ഉചിതമായ ഭേദഗതികൾ സർക്കാർ വരുത്തുന്നതാണ് എന്ന നിബന്ധനയ്ക്ക് വിധേയമായി ശുപാർശ അംഗീകരിക്കുന്നു.**

## ശുപാർശ 14.25

*അനുബന്ധം - II ലെ പ്രാദേശിക സർക്കാരുകളുടെ സാമ്പത്തികരൂപരേഖ കാലോചിതമായി പരിഷ്കരിക്കുന്നതിനും, പ്രാദേശിക സർക്കാരുകൾ നടപ്പിലാക്കേണ്ട വികേന്ദ്രീകാസൂത്രണ പദ്ധതിയുടെ അടങ്കൽ നിശ്ചയിക്കുന്നതിനു മുൻപ് പ്രാദേശിക സർക്കാരുകളുടെ വിഭവസാധ്യതയെക്കുറിച്ച് വിലയിരുത്തുന്നതിനും, ഈ മേഖലയുമായി ബന്ധപ്പെട്ട മറ്റു പഠനങ്ങൾ നടത്തുന്നതിനും, ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു 'സാമ്പത്തിക ഗവേഷണ ബോർഡ്'(Board of Fiscal Research)' രൂപീകരിക്കണം. വിശദവിവരങ്ങൾ ഖണ്ഡിക 12.12 ൽ വിശദീകരിക്കുന്നുണ്ട്.*

## **നടപടി**

**ശുപാർശ അംഗീകരിച്ചു. കമ്മീഷൻ നിർദ്ദേശിച്ചതു പോലെ, രണ്ടോ മൂന്നോ സാമ്പത്തിക വിദഗ്ധരുടെ അധിക തസ്തികകൾ മാത്രം സൃഷ്ടിക്കുന്നതാണ്. ധനകാര്യ / തദ്ദേശ സ്വയം ഭരണ വകുപ്പുകളിൽ നിന്നും, പഞ്ചായത്ത് / നഗരവികസന ഡയറക്ടറേറ്റുകളിൽ നിന്നും പുനർ വിന്യാസത്തിലൂടെ ബ ാക്കി വരുന്ന ജീവനക്കാരെ കണ്ടെത്തുന്നതാണ്.**

## ശുപാർശ 14.26

*പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കൈമാറ്റം ചെയ്തു കൊടുത്ത സ്ഥാപനങ്ങളിൽ പ്രവൃത്തിയെടുക്കുന്ന ജീവനക്കാരുടെ ശമ്പളം കൊടുക്കുന്നതിനു ബജറ്റ് വിഹിതം കൈമാറുന്നതു സംബന്ധിച്ച് നിലവിലുള്ള നടപടിക്രമം തുടരാവുന്നതാണ്.*

## **നടപടി**

**ശുപാർശ അംഗീകരിച്ചു.**

## *ശുപാർശ 14.27*

*പ്രാദേശിക സർക്കാരുകളും സർക്കാർ ഏജൻസികളും തമ്മിലുള്ള കുടിശ്ശികയും അവകാശങ്ങളും തീർപ്പാക്കുന്നതിന് ഒരു തുടർസംഭാഷണ വ്യവസ്ഥിതി ഉണ്ടാകണം. വിശദവിവരങ്ങൾ ഖണ്ഡിക 13.6–ൽ കൊടുത്തിരിക്കുന്നു.*

## **നടപടി**

**തുടർ സംഭാഷണം വേണമെന്ന ശുപാർശ അംഗീകരിക്കുന്നു. കേരള ജല അതോറിട്ടിയ്ക്കും, കേരള സംസ്ഥാന വൈദ്യുതി ബോർഡിനും പ്രാദേശിക സർക്കാരുകൾ നല്കാനുള്ള കുടിശ്ശിക 50% തീർക്കുന്നതിന് സംസ്ഥാന സർക്കാർ ഒരു ബ്ളോക്ക് ഗ്രാന്റ് വകയിരുത്തണമെന്ന റിപ്പോർട്ടിലെ 13.6 ഖണ്ഡികയിലെ ശുപാർശ, വിശദമായി പരിശോധിച്ച് ഉചിതമായ തീരുമാനം പിന്നീട് എടുക്കുന്നതാണ്. പ്രാദേശിക സർക്കാരുകൾ, കേരള സംസ്ഥാന വൈദ്യുതി ബോർഡ്/ കേരള**

ജല അതോറിട്ടി എന്നിവ, തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിന്, ഊർജ്ജ, ജലവിഭവ വകുപ്പുകളുമായി കൂടിയാലോചിച്ച് ഉചിതമായ ഒരു സംവിധാനം ഏർപ്പെടുത്തും.

## ശുപാർശ 14.28

*ക്ഷേമ പെൻഷനുകളുടെ വിതരണജോലി (ഗുണഭോക്താക്കളുടെ തെരഞ്ഞെടുക്കലല്ല) ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾക്ക് കൈമാറാവുന്നതാണ്.*

### നടപടി

ശുപാർശ അംഗീകരിച്ചു. എന്നാൽ, തുക വിതരണം ചെയ്യുന്നത് ഓരോ വകുപ്പിലേയ്ക്കും കൈമാറ്റം ചെയ്യാതെ, ധനകാര്യവകുപ്പ് തലത്തിലോ ട്രഷറി ഡയറക്ടറേറ്റ് തലത്തിലോ ഇത് കേന്ദ്രീകരിക്കുന്നതാണ്. ഈ കേന്ദ്രീകൃത എജൻസിയും പ്രാദേശിക സർക്കാരുകളും തമ്മിൽ സ്ഥിരമായി വിവരങ്ങൾ കൈമാറുന്നതിനുള്ള ഒരു സംവിധാനം ആവിഷ്കരിക്കും. ഇതിന്റെ വിശദാംശങ്ങൾ ബന്ധപ്പെട്ട വകുപ്പുകളുമായി കൂടിയാലോചിച്ച് ധനകാര്യവകുപ്പ് തയ്യാറാക്കുന്നതാണ്.

## ശുപാർശ 14.29

*ഗ്രാമപഞ്ചായത്തുകളിലെ ജീവനക്കാരുടെ എണ്ണത്തിൽ കുറച്ച് വർദ്ധനവ് വരുത്തേണ്ടത് ആവശ്യമായേക്കാം.*

### നടപടി

പ്രധാനമായും പുനർവിന്യാസത്തിലൂടെ അധിക തസ്തികൾ കണ്ടെത്തുന്നതാണ് എന്ന ഭേദഗതിയോടെ ശുപാർശ അംഗീകരിക്കുന്നു. ഇതിന്റെ വിശദാംശങ്ങൾ തദ്ദേശ സ്വയം ഭരണ ഗ്രാമ/നഗര വകുപ്പുകൾ തയ്യാറാക്കി ധനകാര്യവകുപ്പുമായി കൂടിയാലോചിച്ച് പ്രത്യേകതീരുമാനം എടുക്കുന്നതാണ്. തികച്ചും ഒഴിച്ചുകൂടാനാകാത്ത സാഹചര്യങ്ങളിൽ മാത്രമേ തസ്തികകൾ സൃഷ്ടിക്കുകയുള്ളൂ.

## ശുപാർശ 14.30

*അക്കൗണ്ടന്റ് ജനറൽ, ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ എന്നിവരുമായി ചർച്ചചെയ്തു, ഓരോ പ്രാദേശികസർക്കാരുകളുടെയും ഓഡിറ്റിന് ഒരുമാസത്തിലെ എത്ര ദിവസം എടുക്കാം എന്നുള്ളതിന് ഒരു പരിധി നിശ്ചയിക്കേണ്ടതാണ്.*

### നടപടി

ശുപാർശ അംഗീകരിച്ചു. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, പ്രാദേശിക സർക്കാരുകളുമായി ചർച്ച ചെയ്തു ഇക്കാര്യം തീരുമാനിക്കണം. ചില പ്രത്യേക സാഹചര്യങ്ങളിൽ ഓഡിറ്റ് ഉദ്യോഗസ്ഥർക്ക് മറ്റു ദിവസങ്ങളിലും പ്രാദേശിക സർക്കാർ സ്ഥാപനങ്ങൾ സന്ദർശിക്കാവുന്നതാണ്. ഇത്തരം സന്ദർശനങ്ങൾ പ്രതിവർഷം 15 ൽ കവിയാൻ പാടില്ല.

## ശുപാർശ 14.31

*ആഡിറ്റ് ഫീസ് ചുമത്തുന്നത് വേണ്ടന്നുവയ്ക്കണം.*

**നടപടി**

ഓഡിറ്റ് ഫീസ്, വരുമാനത്തിൻെറ 1% എന്നത് മുൻകാലപ്രാബല്യത്തോടെ 0.5% ആയി അടുത്തസമയത്ത് കുറച്ചിട്ടുണ്ട്. പ്രാദേശിക സർക്കാരുകളെ ഓഡിറ്റ് ഫീസിൽ നിന്നും പൂർണ്ണമായും ഒഴിവാക്കണമെന്ന ശുപാർശ, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് 0.5% ഓഡിറ്റ് ഫീസ് നൽകേണ്ട മറ്റ് സ്വയം ഭരണ സ്ഥാപനങ്ങളെ ഇത് എങ്ങനെ ബാധിക്കും എന്നതുകൂടി കണക്കിലെടുത്ത് യുക്തമായ ഒരു തീരുമാനം പിന്നീട് എടുക്കുന്നതാണ്.

**ശുപാർശ 14.32**

*പ്രാദേശിക സർക്കാരുകളുടെ ശുപാർശപ്രകാരമേ അവരെ പ്രതികൂലമായി ബാധിക്കുന്ന തരത്തിലുള്ള നികുതി ഒഴിവാക്കൽ/കുറയ്ക്കൽ എന്നിവയെ സംബന്ധിച്ചുള്ള ഉത്തരവുകൾ സർക്കാർ പുറപ്പെടുവിക്കാവൂ.*

**നടപടി**

ശുപാർശ അംഗീകരിച്ചു.